(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര അപ്പീലുകൾക്ക് തീരുമാനമെടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 2,952.

(ബി) 2,063.

(സി) 977.

സെക്രട്ടറിയേറ്റിലെ പട്ടികജാതി ഉദ്യോഗസ്ഥന്മാർ.

* 176. [67] ശ്രീ. സി. കൊച്ചുകുഞ്ഞു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിൽനിന്നും എത്രപേർ ഗവണ്മെന്റ് സെക്രട്ടറിയേറ്റ് സർവ്വീസിൽ ഉണ്ട് ;

(ബി) അവരിൽ ക്ലാർക്ക് സർവ്വീസുകാർ ആരെല്ലാമാണ് ;

(സി) ഇവരുടെ പരീക്ഷായോഗ്യത എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 52. (അൻപത്തിരണ്ട്)

(ബി&സി) 12 വിശദവിവരങ്ങൾ അടങ്ങിയ † സ്റ്റേറ്റുമെന്റ് മേശപ്പുറത്തു് വച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്കു ഉച്ചഭക്ഷണം.

* 177. [68] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

നിർബന്ധിത വിദ്യാഭ്യാസമേഖലയിൽപെട്ട പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്കു് ഈ വർഷം ഉച്ചഭക്ഷണം കൊടുക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

നിർബന്ധിത വിദ്യാഭ്യാസമേഖലയിൽപെട്ട എല്ലാ പ്രൈമറിസ്കൂളുകളിലും വിദ്യാർത്ഥികൾക്കു് ഉച്ചഭക്ഷണം നൽകിവരുന്നുണ്ട്.

പെരുമ്പാവൂർ റയൺസ് ഫാക്ടറി.

* 178. [70] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ റയൺസ് ഫാക്ടറിയിൽ ഗവണ്മെന്റിനു എത്ര ശതമാനം ഷെയർ ഉണ്ട് ;

(ബി) ഗവണ്മെന്റ് എത്ര രൂപ ഈ ഫാക്ടറിക്കു് കടം കൊടുത്തിട്ടുണ്ട് ;

(സി) ഫാക്ടറി നടത്തിപ്പിൽ ഗവണ്മെന്റിനു എന്തെങ്കിലും കൈയുണ്ടോ ;

† Please see Appendix VII.

LIBRARY ARCHIVES Kerala Legislative Assembly